# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **5175** — **22/5/2017** -ലെ മറുപടി

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുടിവെള്ളപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.ബി.സതീഷ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുടിവെള്ളപദ്ധതി (സി.ഡബ്ല്യൂ.എസ്.എസ് ജി.ഒ (Rt) നം. 893/2016/ഡബ്ല്യൂ.ആർ.ഡി തീയതി 16/11/16) ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏതുവരെ യായെന്ന് വിശദമാക്കാമോ; | (എ) പദ്ധതിയിൽ പിടാരത്ത് 4.30 ലക്ഷം ലിറ്റർ സംഭരണശേഷി വീതമുള്ള ഉപരിതല ജലസംഭരണിയുടെയും, ഭൂതല ജല സംഭരണിയുടെയും നിർമ്മാണവും, പൂവടയിൽ 8.70 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജലസംഭരണിയുടെ നിർമ്മാണവും, വിളവൂർക്കൽ പഞ്ചായത്തിലെ ജലവിതരണശൃംഖലകൾ സ്ഥാപിക്കലും ഉൾപ്പെടുത്തിയിരിക്കുന്നു. പിടാരത്ത് നിർമ്മിക്കേണ്ട ജലസംഭരണികളുടെ നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ജല അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പൂവടയിൽ നിർമ്മിക്കേണ്ട ജലസംഭരണിയ്ക്കുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ടെങ്കിലും, ജല അതോറിറ്റിയ്ക്ക് കൈമാറേണ്ടതുണ്ട്. |
| (ബി) പ്രവൃത്തികൾ എന്ന് തുടങ്ങാനാകുമെന്നും തുടർന്നുള്ള നടപടികൾ എന്താണെന്നും വിശദമാക്കാമോ? | (ബി) പൂവടയിൽ ജലസംഭരണി നിർമ്മിക്കേണ്ട സ്ഥലം കൈമാറുന്നതനുസരിച്ച് മാത്രമേ പ്രവൃത്തികൾ എന്ന് ആരംഭിക്കുവാനാകുമെന്ന് പറയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

JSK/